# പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1905 14.07.2011-ൽ മറുപടിയ്ക്ക്

## പൊഴിക്കര ചീപ്പ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ : | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ, പരവൂർ നഗരസഭയിൽ പൊഴിക്കര ചീപ്പ് നവീകരിക്കുന്നതിലേക്കായി ടി.ആർ.ഡി.പി. പദ്ധതിയിൽ എത്ര രൂപയുടെ ഭരണാനുമതി ലഭിച്ചുവെന്നും, എന്നാണ് പുനരുദ്ധാരണം പൂർത്തീകരിക്കേണ്ടിയിരുന്നതെന്നും വ്യക്തമാക്കുമോ; | എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പൊഴിക്കര ചീപ്പ് നവീകരിക്കുന്നതിനായി 95 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. 2010 മാർച്ച് മാസം 31-ാം തീയതിയാണ് ഈ പദ്ധതിയുടെ പുനരുദ്ധാരണം പൂർത്തീകരിക്കേണ്ടിയിരുന്നത്. |
| ബി) | പ്രസ്തുത ജോലി ഏത് ഏജൻസിയാണ് നടപ്പാക്കുന്നതെന്നും, നിലവിലുള്ള പ്രവർത്തന പുരോഗതിയും വ്യക്തമാക്കുമോ; | ബി) | കേരള ഗവൺമെന്റിന്റെ കീഴിലുള്ള കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി, മാമല യൂണിറ്റാണ് ഇതിന്റെ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നത്. 90% പ്രവർത്തികളും പൂർത്തീകരിച്ചു കഴിഞ്ഞു. |
| സി) | പദ്ധതി പ്രവർത്തനം എന്നത്തേക്ക് പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | സി) | 2011 ജൂലൈ മാസം പദ്ധതി പ്രവർത്തനം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ